## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018-ൽ മറുപടിയ്ക്ക്.

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നമ്പർ 2856**

# ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരോല്പാദനം

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ.കെ രാജു**

(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്.

**1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി:**
ഈ പദ്ധതി പ്രകാരം കറവപ്പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, കർഷകരുടെ അവശ്യാധിഷ്ഠിത പദ്ധതികൾക്കും, കറവയന്ത്രങ്ങൾ വാങ്ങുന്നതിനും, ധനസഹായം നൽകുന്നു. ഇതിനായി നടപ്പസാമ്പത്തിക വർഷം 3,95,000/- രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

**2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ:**
20 സെന്റിന് മുകളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽക്കടകൾ, കൃഷിച്ചെലവ് ഉൾപ്പെടെയുള്ള സഹായം, 20 സെന്റിൽ താഴെ പുൽകൃഷി ചെയ്യുന്നവർക്ക് സൗജന്യമായി പുൽക്കട വിതരണം എന്നിവയുള്ള സഹായം എന്നിവ നൽകുന്നുണ്ട്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 30,000/- രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

**3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ:**
കർഷക സമ്പർക്ക പരിപാടികൾ, ഉൾപ്പെടെയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി നടപ്പ-സാമ്പത്തിക വർഷം 20,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

**4. മിൽക്ക് ഇൻസെന്റീവ് പദ്ധതി:**
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതി ഫണ്ട് വിനിയോഗിച്ച് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് 22,61,759/- രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

**5. കാറ്റിൽ ഫീഡ് സബ്സിഡി:**
കാറ്റിൽ ഫീഡ് സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്ത് 8,50,000 രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

**6. ധാതു ലവണ മിശ്രിത വിതരണം:**

നടപ്പ സാമ്പത്തികവർഷം 25,250 രൂപയുടെ ധാതുലവണ മിശ്രിതം 107 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്.

**7. കന്നുകുട്ടി പരിപാലന പദ്ധതി:**

പശുകുട്ടികളെ ഉൽപാദനക്ഷമമായ പശുക്കളായി വളർത്തിയെടുക്കുന്നതിനും ശാസ്ത്രീയ പരിപാലന ക്രമങ്ങളും തീറ്റയും ലഭ്യമാക്കുന്നതിനുമായി 71,25,000/- രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

8. പശുക്കളിലെ വന്ധ്യതാ നിവാരണ പരിപാടിയ്ക്ക് 30,000/- രൂപയും, ചാണകത്തിൽ നിന്ന് ജൈവവളം നിർമ്മിക്കുന്നതിന് സഹായകമായ ചാണകക്കുഴി നിർമ്മിക്കുന്നതിന് 1,37,500/- രൂപയും, പശുക്കളുടെ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 4,02,285/- രൂപയും ഈ സാമ്പത്തിക വർഷം ചെലവാക്കും.

(ബി) എത്ര ക്ഷീര കർഷകരാണ് ഈ (ബി) പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി | 7 |
| 2 | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | 26 |
| 3 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 300 |
| 4 | മിൽക്ക് ഇൻസെന്റീവ് പദ്ധതി | 1538 |
| 5 | കാറ്റിൽ ഫീഡ് സബ്സിഡി | 1000 |
| 6 | ധാതുലവണ മിശ്രിത വിതരണം | 107 |
| 7 | കന്നുകുട്ടി പരിപാലന പദ്ധതി | 570 |
| 8 | പശുക്കൾക്ക് ഇൻഷ്വറൻസ് | 598 |
| 9 | ചാണകത്തിൽ നിന്ന് ജൈവവള നിർമ്മാണം | 11 |
| 10 | പശുക്കളിലെ വന്ധ്യതാ നിവാരണ പരിപാടി | 45 |

**സെക്ഷൻ ഓഫീസർ**